WEDNESDAY ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : George Sebastian    Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**04-08-2021**

# എഫ് ഐ ബി കാർഷികവാർത്തകൾ – FIB FARM NEWS

1. ജൈവകൃഷി സർട്ടിഫിക്കറ്റ് ലഭ്യമാക്കി ജൈവ ഉല്പന്നങ്ങൾ സർക്കാർ മുദ്രണത്തോടെ വിൽക്കുന്നതിനും വിവിധ ജൈവകൃഷി മാർഗ്ഗങ്ങളെ സംബന്ധിച്ച അറിവും പരിശീലനവും ലഭിക്കുന്നതിനുമായി കൃഷി വകുപ്പ് അപേക്ഷ ക്ഷണിച്ചു. ഇപ്പോൾ ജൈവകൃഷി ചെയ്തു കൊണ്ടിരിക്കുന്നവരോ, ജൈവ കൃഷിയിലേക്ക് മാറാൻ താൽപ്പര്യമുള്ളവരോ, തങ്ങളുടെ കൃഷിയിടത്തിന്റെ ഒരു ഭാഗം പരീക്ഷണാടിസ്ഥാനത്തിൽ ജൈവകൃഷി രീതിയിലേക്ക് മാറ്റാൻ താല്പര്യമുള്ളവരോ ആണ് അപേക്ഷിക്കേണ്ടത്. അപേക്ഷകന്റെ പേരിൽ സ്വന്തമായി കുറഞ്ഞത് 5 സെന്റ് സ്ഥലം എങ്കിലും ഉണ്ടായിരിക്കണം. അപേക്ഷയുടെ മാതൃക ലഭിക്കുന്നതിനും കൂടുതൽ വിവരങ്ങൾ അറിയുന്നതിനുമായി കൃഷി ഭവനുകളിൽ ബന്ധപ്പെടേണ്ടതാണ്.

2. ഒരു ദിവസം പ്രായമുളള ഗ്രാമപ്രിയ ഇനത്തിൽപ്പെട്ട പൂവൻകോഴിക്കുഞ്ഞുങ്ങൾ പൗൾട്രി വികസന കോർപ്പറേഷനിൽ നിന്നും ലഭിക്കും. ആവശ്യമുളളവർ ഇനി പറയുന്ന നമ്പരുകളിൽ ബന്ധപ്പെടുക. കൊട്ടിയം 9495000923, തിരുവനന്തപുരം 0471-2478585, 7510407930, 9495000915.

3. റബ്ബർമരങ്ങളെ ബാധിക്കുന്ന ഇലപ്പൊട്ടുരോഗത്തെക്കുറിച്ചും നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് നാളെ (ആഗസ്റ്റ് 05) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണിവരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി പറയും. കോൾ സെന്റർ നമ്പർ **04812576622.**

4. പാലോട്ട് പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആന്റ് വെറ്ററിനറി ബയോളജിക്കൽസിൽ ക്ലാസിക്കൽ സ്വൈൻ ഫീവർ എന്ന രോഗത്തിനെ പ്രതിരോധിക്കുന്നതിനുള്ള വാക്സിൻ ലഭ്യമാണെന്ന് സ്ഥാപനം മേധാവി അറിയിക്കുന്നു. പന്നികളെ വളർത്തുന്ന കർഷകർക്ക് ആവശ്യമുള്ള പക്ഷം പതിനഞ്ച് ഡോസ് വാക്സിന് 788 രൂപ എന്ന നിരക്കിൽ സ്ഥാപനത്തിൽ നിന്നും നേരിട്ട് വാങ്ങുകയോ അടുത്തുള്ള മൃഗാശുപത്രി വെറ്ററിനറി സർജൻ മുഖാന്തിരം വാക്സിൻ സൌജന്യമായി ലഭ്യമാക്കുകയോ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0472-2840262, 9447269909 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**04-08-2021**

5. റബ്ബർതോട്ടങ്ങളുടെയും റബ്ബർകർഷകരുടെയും വിശദമായ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിന് വേണ്ടി വികസിപ്പിച്ചെടുത്ത 'റുബാക്' (RUBAC- Rubber Area Census) എന്ന മൊബൈൽ ആപ്ലിക്കേഷൻ പ്രവർത്തന സജ്ജമായതായി റബ്ബർ ബോർഡ് ഡപ്യൂട്ടി ഡയറക്ടർ അറിയിച്ചു.

6. കാർഷിക യന്ത്രവൽക്കരണ ഉപപദ്ധതിയിലേക്ക് https://agrimachinery.nic.in/index എന്ന വെബ്സൈറ്റിൽ കൂടി അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി **8075251014, 9895440373, 9383471799** എന്നീ ഫോൺ നമ്പറുകളിലോ smamkerala@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

**പരിശീലന പരിപാടികൾ**

7. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (04/08/2021 ന ) രാവിലെ 11 മണിക്ക് **"കാലിരോഗങ്ങളും നിവാരണ മാർഗങ്ങളും"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481 – 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

8. പത്തനംതിട്ട ജില്ലയിലെ അടൂർ ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 4-ന്) രാവിലെ 11 മണിക്കു **തീറ്റപ്പുൽസംസ്കരണം** എന്ന വിഷയത്തിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് 9447400261 എന്ന നമ്പരിൽ ബന്ധപ്പെടുക.

9. സ്റ്റേറ്റ് അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രയിനിംഗ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നാളെ (ആഗസ്റ്റ് 5 ന്) **കന്നുകാലികളുടെ മഴക്കാല രോഗങ്ങളും പ്രതിരോധ പ്രവർത്തനങ്ങളും** എന്ന വിഷയത്തിൽ വൈകിട്ട് 7 മണിക്ക് ഓൺലൈൻ പരിശീലനം നൽകുന്നു. ഓൺലൈൻ പരിശീലനങ്ങളെ കുറിച്ചുള്ള വിവരങ്ങൾക്ക് 0471 – 2740440 / **9349482600** എന്നീ നമ്പരുകളിലോ sametikerala@gmail.com എന്ന മെയിലിലോ ബന്ധപ്പെടുക.

10. മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പശുവളർത്തൽ** എന്ന വിഷയത്തിൽ നാളെ (ആഗസ്റ്റ് 5-ന്) രാവിലെ 10.30 മുതൽ സൂം മുഖേന ഓൺലൈൻ പരിശീലനം

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**04-08-2021**

സംഘടിപ്പിച്ചിരിക്കുന്നു. **9188522713** എന്ന നമ്പരിൽ വാട്സാപ്പ് മെസേജ് അയച്ച് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്.

11. തിരുവനന്തപുരം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നാളെ (ആഗസ്റ്റ് 5 ന്) രാവിലെ 11.30 മുതൽ **"ശാസ്ത്രീയ കറവപശു പരിപാലനം"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം ഗൂഗിൾ മീറ്റ് വഴി നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി **0471-2440911** എന്ന ഫോൺ നമ്പരിലോ dtctvm99@gmail.com എന്ന മെയിലിലോ പേര് മേൽവിലാസം വാട്സ്ആപ്പ് നമ്പർ എന്നിവ നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്.

12. പാലക്കാട് ജില്ലയിലെ ആലത്തൂർ ക്ഷീര പരിശീലകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ആഗസ്റ്റ് 4-ന്) ഉച്ചയ്ക്ക് 2.3 ന് **ക്ഷീരസംഘം സെക്രട്ടറി/ക്ലാർക്കുമാർക്ക്** ഗൂഗിൾമീറ്റ് മുഖേന പരിശീലനം നടത്തുന്നു. http://meet.google.com/uya-gywr-ugn എന്ന ലിങ്കുപയോഗിച്ച് പരിശീലനത്തിൽ പങ്കെടുക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **04922226040** എന്ന നമ്പരിൽ ബന്ധപ്പെടുക.

13. ഓച്ചിറ ക്ഷീരോത്പ്പന്ന നിർമ്മാണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **സംയോജിത കൃഷിരീതികൾ** എന്ന വിഷയത്തിൽ ഇന്ന് (ആഗസ്റ്റ് 4 ന്) പതിനൊന്ന് മണി മുതൽ ഓണലൈൻ പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ **9947775978** എന്ന വാട്സ് ആപ്പ് നമ്പരിൽ പേര് രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0476-2698550 / 9947775978** എന്നീ ഫോൺ നമ്പരുകളിലോ dd-dtc-klm.dairy@kerala.gov.in എന്ന മെയിലിലോ ബന്ധപ്പെടാവുന്നതാണ്.

14. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവ്വകലാശാലയുടെ ആഭിമുഖ്യത്തിൽ **"വളർത്തുപക്ഷികളിലെ രോഗങ്ങളും നിയന്ത്രണവും"** എന്ന വിഷയത്തിൽ നാളെ (ആഗസ്റ്റ് 5ന് ) വൈകിട്ട് അഞ്ചുമണിക്ക് ഓൺലൈൻ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു https://us02web.zoom.us/j/9995213500 എന്ന ലിങ്കിലൂടെ 9995213500 എന്ന ഐ ഡി ഉപയോഗിച്ച് പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. വിശദ വിവരങ്ങൾക്ക് 9446714462 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.